**വിവരാവകാശം/മറുപടി**

നം. **E2-15855/18**

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 22.11.2018.
Email - swdkerala@gmail.com
Phone : 0471 – 2306040

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ,
തിരുവനന്തപുരം.

ശ്രീ. ശരത് എം.,
ഗണപതി തറയിൽ (H), ഉറവൂർ പി.ഒ.,
ചേർത്തല, ആലപ്പുഴ,
പിൻ - 688 532.

സർ,

വിഷയം : സാമൂഹ്യ നീതി വകുപ്പ് - ജീവനക്കാര്യം - വിവരാവകാശം - മറുപടി നൽകുന്നത് - സംബന്ധിച്ച്.

സൂചന :- താങ്കളുടെ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷ.

സൂചന പ്രകാരം താങ്കൾ ആവശ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. സാമൂഹ്യനീതി വകുപ്പിൽ ആലപ്പുഴ ജില്ലയിൽ 2019 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ ക്ലർക്ക് തസ്തികയിൽ റിട്ടയർമെന്റ് മുഖേനയുള്ള പ്രതീക്ഷിത ഒഴിവുകൾ ഉണ്ടാകുന്നില്ല. അല്ലാതെയുള്ള പ്രതീക്ഷിത ഒഴിവുകൾ കണക്കാക്കിയിട്ടില്ല.

   a) സാമൂഹ്യനീതി വകുപ്പിലെ ക്ലർക്ക് തസ്തികയിലെ ഹെഡ്ക്വാർട്ടർ വേക്കൻസി റിപ്പോർട്ട് ചെയ്തിട്ടില്ല.

   b) 07.10.2018 തീയതിയിലെ സ.ഉ.(കൈ) നം. 23/18/സാ.നീ.വ. ഉത്തരവ് പ്രകാരം സാമൂഹ്യനീതി വകുപ്പിലെ ആസ്ഥാന കാര്യാലയത്തിലെ cadre strength വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇനിമേലുള്ള ക്ലർക്ക് തസ്തികയിലെ ഹെഡ്ക്വാർട്ടർ വേക്കൻസികൾ PSCക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

AN

2. സാമൂഹ്യനീതി വകുപ്പിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് സേവനാവകാശ നിയമത്തിന്റെ പരിധിയിൽപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല.

a) വകുപ്പിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് സേവനാവകാശ നിയമത്തിന്റെ പരിധിയിൽപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച വിഷയത്തിൽ വിജ്ഞാപനം ഭേദഗതി വരുത്തുന്നതിനായി പ്രൊപ്പോസൽ സർക്കാരിന് നൽകിയിട്ടുണ്ടെങ്കിലും പുതുക്കിയ വിജ്ഞാപനം ഇതുവരെ ലഭ്യമായിട്ടില്ല.

b) ബാധകമല്ല.

മേൽപ്പറഞ്ഞ മറുപടി താങ്കൾക്ക് തൃപ്തികരമല്ലെങ്കിൽ മറുപടി ലഭിച്ച് 30 ദിവസത്തിനകം അപ്പലേറ്റ് അതോറിറ്റിയായ **കെ. ഗീത, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സാമൂഹ്യനീതി ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം** എന്ന വിലാസത്തിൽ അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

**രാജീവ് കുമാർ എസ്.**
**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ**
**& സീനിയർ സൂപ്രണ്ട്**
**സാമൂഹ്യ നീതി ഡയറക്ടറേറ്റ്,**
**തിരുവനന്തപുരം.**

AN